# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6439** — 11.07.2012 -ൽ മറുപടിയ്ക്ക്

## കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തുവോ : | (എ) | വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | ചിട്ടി ആരംഭിക്കാനുള്ള വ്യവസ്ഥകൾ നിലവിലെ വിജ്ഞാപനം അനുസരിച്ച് എന്തൊക്കെ ; വ്യക്തമാക്കാമോ ; | (ബി) | ചിറ്റ് ഫണ്ട്സ് ആക്ട് 4(1) വകുപ്പു പ്രകാരം മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ ചിട്ടി ആരംഭിക്കുകയോ നടത്തുകയോ ചെയ്യുവാൻ പാടുള്ളു. 8-ാം വകുപ്പു പ്രകാരം കമ്പനി ആണ് ചിട്ടി ബിസിനസ്സ് നടത്തുന്നത് എങ്കിൽ 1 ലക്ഷം രൂപയിൽ കുറയാത്ത മൂലധനം ഉണ്ടായിരിക്കണം. ചിട്ടി ബിസിനസ്സ് നടത്തുന്ന സ്ഥാപനത്തിന്റെ പേരിനോട് കൂടി ചിറ്റ്, ചിറ്റ് ഫണ്ട്, ചിട്ടി, കുറി എന്നീ പേരുകളിൽ ഒന്ന് കൂട്ടിചേർക്കേണ്ടതാണ്. ആകെ ചിട്ടി തുക സംബന്ധിച്ച് 13-ാം വകുപ്പിലേയും സെക്യൂരിറ്റി സംബന്ധിച്ച് 20-ാം വകുപ്പിലേയും വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്. |
| (സി) | ഇതുവരെ ചിട്ടി തുകകളുടെ എത്ര ശതമാനമായിരുന്നു കരാർ ഫീസായി ഈടാക്കിയിരുന്നത് : ആയത് വിജ്ഞാപനംവഴി എത്രയാക്കി ; കൂടാതെ 1 ലക്ഷം രൂപ വരെയുള്ള സാക്ഷ്യപത്രത്തിന് എത്ര രൂപ | (സി) | 1975 ലെ കേരള ചിട്ടീസ് റൂൾസിലെ റൂൾ 109 പ്രകാരം ചിട്ടി വരിയോല രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് പട്ടികയിലെ ഇനം (2) പ്രകാരമുള്ള ഫീസ് ഈടാക്കിയിരുന്നു. ചിട്ടി തുക 500/- രൂപയിൽ കവിയാത്തതാണെങ്കിൽ 10/- രൂപയും 500/- |

(.........2)

| | | | |
|---|---|---|---|
| | നൽകണമെന്നും അതിനു മുകളിൽ എത്ര രൂപ നൽകണമെന്നും വ്യക്തമാക്കുമോ ; | | രൂപയ്ക്കും 1000/- രൂപയ്ക്കും ഇടയ്ക്കാണെങ്കിൽ 30/-രൂപയും 1000/- രൂപയ്ക്ക് മുകളിൽ ആണെങ്കിൽ അതിൽ ഓരോ 500/- രൂപയ്ക്കും 15/- രൂപ വീതവുമാണ് ഈടാക്കിയിരുന്നത്. പുതിയ കേരള ചിറ്റ് ഫണ്ട്സ് റൂളിലെ അനുബന്ധം II ലെ ഫീസ് പട്ടിക പ്രകാരം ചിട്ടി ഉടമ്പടിയുടെ രജിസ്ട്രേഷന് ഫീസ് നിശ്ചയിച്ചിട്ടില്ല. ഫീസ് പട്ടിക ഇനം III പ്രകാരം ഫയലിംഗ് ഫീസായി 10/- രൂപ മാത്രം അടച്ചാൽ മതിയാകുന്നതാണ്. സെക്ഷൻ 9(2) പ്രകാരമുള്ള സാക്ഷ്യ പത്രത്തിന് ചിട്ടി തുക 5000/- രൂപയിൽ താഴെയാണെങ്കിൽ 10/-രൂപയും 5000/- നും 10000/-നും ഇടയ്ക്കാണെങ്കിൽ 25/- രൂപയും 10000/- നും 15000/-നും ഇടയ്ക്കാണെങ്കിൽ 50/- രൂപയും 15000/- നും 20000/- ഇടയ്ക്കാണെങ്കിൽ 100/-രൂപയും 20000/-നും 25000/- നും ഇടയ്ക്കാണെങ്കിൽ 150/- രൂപയും 25000/- നും 1 ലക്ഷത്തിനും ഇടയ്ക്കാണെങ്കിൽ 250/- രൂപയും 1 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ 750/- രൂപയുമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ചിട്ടിക്കമ്പനികളുടെ പലിശ എത്ര ശതമാനമായി ഏകീകരിച്ചു ; | (ഡി) | ചിട്ടി മുടക്കം വരുത്തിയ വരിക്കാരൻ അടയ്ക്കേണ്ട തുകയ്ക്ക് 12% നിരക്കിൽ പലിശ നൽകേണ്ടതാണ്. |
| (ഇ) | ചിട്ടി നടത്തിപ്പു സംബന്ധിച്ച് ചിറ്റാളനും വരിക്കാരനും തമ്മിലുള്ള തർക്കങ്ങൾ തീർക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് വിജ്ഞാപനത്തിൽ ഉള്ളത് ; വിശദമാക്കുമോ ; | (ഇ) | ചിട്ടി നടത്തിപ്പു സംബന്ധിച്ചുള്ള തർക്കങ്ങൾ ആർബിട്രേഷനിലൂടെ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ 64 മുതൽ 72 വരെയുള്ള വകുപ്പുകളിൽ ഉൾക്കൊള്ളുന്നു. ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ 47 മുതൽ 59 വരെ (.......3) |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചിട്ടി രജിസ്ട്രാർക്കോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾക്കോ ആണ് തർക്കങ്ങൾ ആർബിട്രേഷനു വേണ്ടി റഫർ ചെയ്യേണ്ടത്. |
| (എഫ്) | സംസ്ഥാനത്തെ സഹകരണ സൊസൈറ്റികൾക്ക് കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ ബാധകമാണോ ; വ്യക്തമാക്കുമോ ; | (എഫ്) | ബാധകമാണ്. |
| (ജി) | പുതിയ വിജ്ഞാപനംവഴി ചിട്ടിക്ക് പരമാവധി കാലാവധി എത്രയെന്നും ഫൈനാൻസിയേഴ്സിന് ചിട്ടി പാടുണ്ടോയെന്നും ചിട്ടി നടത്തിപ്പുകാർക്ക് വേറെ ബിസിനസ്സ് പാടുണ്ടോയെന്നും സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗസ്ഥർക്ക് ചിട്ടി നടത്താൻ അവകാശമുണ്ടോയെന്നും വ്യക്തമാക്കുമോ ? | (ജി) | ചിട്ടി ഫണ്ട്സ് ആക്ട് 6(2) വകുപ്പു പ്രകാരം ചിട്ടിക്കു പരമാവധി നിശ്ചയിച്ചിട്ടുള്ള കാലാവധി 5 വർഷമാണ്. സംസ്ഥാന ഗവൺമെന്റിന് ആവശ്യമെന്നു ബോദ്ധ്യപ്പെട്ടാൽ കാലാവധി 10 വർഷം വരെയുള്ള ചിട്ടികൾക്ക് അനുമതി കൊടുക്കാൻ അധികാരമുണ്ട്.<br>12-ാം വകുപ്പു പ്രകാരം ചിട്ടി സ്ഥാപനങ്ങൾ മറ്റു ബിസിനസ്സ് നടത്തുന്നത് നിരോധിച്ചിരിക്കുന്നു. ചിട്ടി നടത്തിപ്പ് ബിസിനസ് ആകയാൽ സർക്കാർ,അർദ്ധ സർക്കാർ, ഉദ്യോഗസ്ഥർക്ക് ചിട്ടി നടത്താൻ അവകാശമില്ല. |

സെക്ഷൻ ഓഫീസർ